# ആമുഖം

നവകേരള മിഷന്റെ ഭാഗമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതു വിദ്യാലയങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്ന തരത്തിൽ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്ത് അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുകയാണ് ഓരോ വിദ്യാലയങ്ങളും. എല്ലാ പൊതുവിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയൊരുക്കുന്ന ഈ മാസ്റ്റർപ്ലാൻ ലക്ഷ്യം കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതുവഴി വിദ്യാലയത്തിലെ കുരുന്നുകൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാകും. എല്ലാ പ്രൊജക്ടുകളേയും മികച്ച രീതിയിൽ ഏറ്റെടുക്കുന്ന വിദ്യാലയമാണ് മോഡൽ ഗവ: യു.പി. സ്കൂൾ കാളികാവ് ബസാർ. പൊതുജനങ്ങളുടേയും പിന്തുണകൊണ്ട് വരും വർഷങ്ങളിലും വിദ്യാലയ മികവ് തുടർന്നുകൊണ്ടേയിരിക്കാനുള്ള പരിശ്രമത്തിലാണ് വിദ്യാലയം. അതിന് കരുത്തുപകരാൻ ഏറെ സഹായകമായ രീതിയിൽ ആണ് അക്കാദമിക മാസ്റ്റർപ്ലാൻ ഒരുക്കിയിട്ടുള്ളത്. ഇത് അഭിമാനപൂർവ്വം സമർപ്പിക്കട്ടെ

**പി.ടി.എ. പ്രസിഡന്റ്**
**മഹസൂം പി.**

**ഹെഡ്മാസ്റ്റർ**
**അബ്ദുൽ ല□ീഫ് കെ.**

**എസ്.എം.സി. ചെയർമാൻ**
**പി. അയ്യൂബ്**

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | മോഡൽ ഗവ. യു.പി. സ്കൂൾ,<br>കാളികാവ് ബസാർ |
| മേൽവിലാസം | : | കാളികാവ് പി.ഒ.<br>കരുവാരകുണ്ട് വഴി<br>മലപ്പുറം ജില്ല, പിൻ - 676525 |
| ഫോൺ | : | 04931 - 259 300 |
| സ്കൂൾ കോഡ് | : | 48553 |
| വിദ്യാഭ്യാസ ഉപജില്ല | : | വണ്ടൂർ |
| വിദ്യാഭ്യാസ ജില്ല | : | വണ്ടൂർ |
| റവന്യൂ ജില്ല | : | മലപ്പുറം |
| ബി.ആർ.സി. | : | വണ്ടൂർ |
| സി.ആർ.സി. | : | കാളികാവ് |
| ഗ്രാമപഞ്ചായത്ത് | : | കാളികാവ് (11-ാം വാർഡ്) |
| ബ്ലോക്ക് പഞ്ചായത്ത് | : | കാളികാവ് (അടക്കാക്കുണ്ട് ഡിവിഷൻ) |
| ജില്ലാ പഞ്ചായത്ത് | : | മലപ്പുറം (കരുവാരകുണ്ട് ഡിവിഷൻ) |
| നിയമസഭാമണ്ഡലം | : | വണ്ടൂർ |
| ലോകസഭാമണ്ഡലം | : | വയനാട് |
| താലൂക്ക് | : | നിലമ്പൂർ |
| വില്ലേജ് | : | കാളികാവ് |
| **ഇ-മെയിൽ വിലാസം** | : | gupskkv@gmail.com |
| facebook | : | gupskalikavubazar |
| blog | : | gupskkv.blogspot.com |
| **സ്കൂൾ വിക്കി** | : | gupskalikavubazar |

# കാളികാവിന്റെ വിദ്യാലയം

മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിലെ കാളികാവ് ഗ്രാമപഞ്ചായത്തിന്റെ ഹൃദയഭാഗത്ത് കാളികാവ് ടൗണിനോട് ചേർന്ന് സംസ്ഥാനപാതയ്ക്ക് സമീപം പ്രശാന്തസുന്ദരമായ അന്തരീക്ഷത്തിൽ ഒരു നൂറ്റാണ്ടിന്റെ പാരമ്പര്യവുമായി നിലകൊള്ളുന്ന വിദ്യാഭ്യാസ സ്ഥാപനമാണ് ഗവ: യു.പി.എസ്. കാളികാവ് ബസാർ. 1915-ൽ കാളികാവ് അങ്ങാടിക്ക് സമീപം ഒരു മാനേജ്മെന്റ് സ്കൂൾ എന്ന നിലയിൽ ആരംഭിച്ചതാണ് സ്കൂൾ. പിന്നീട് കാളികാവ് പാലം മുതൽ കരുവാരകുണ്ട് റോഡ് വരെ നീണ്ടുകിടന്നിരുന്ന പഞ്ചായത്ത് വക സ്ഥലമായിരുന്ന 77.5 സെന്റ് സ്ഥലം വിദ്യാഭ്യാസ വകുപ്പിന് കൈമാറുകയും സ്കൂൾ സ്ഥാപിക്കുകയും ചെയ്തു. അറുപതുകളുടെ അവസാനം അമ്പലക്കുന്ന് ഭാഗത്ത് സൗജന്യമായി ലഭിച്ച സ്ഥലത്താണ് ഇന്നു കാണുന്ന സ്കൂൾ കെട്ടിടം നിർമ്മിച്ചത്. 1990-ൽ സർക്കാർ നിർമ്മിച്ചു നൽകിയ 16 ക്ലാസ് മുറികളോടുകൂടിയ ഇരുനില കോൺക്രീറ്റ് കെട്ടിടം ഉണ്ടായതോടെ വാടകക്കെട്ടിടത്തിലും താഴെ അങ്ങാടിയിലുമായി ഉണ്ടായിരുന്ന ക്ലാസുകൾ മുഴുവൻ ഇങ്ങോട്ടുമാറ്റി പ്രവർത്തിച്ചുവരുന്നു. ഇന്ന് പ്രീ പ്രൈമറി മുതൽ ഏഴാം ക്ലാസ് വരെ ഏകദേശം 1060 - ൽ പരം കുട്ടികളും 40 - ൽ പരം അദ്ധ്യാപക - അനദ്ധ്യാപക ജീവനക്കാരും ഉണ്ട്. പി.ടി.എ.യുടേയും നാട്ടുകാരുടേയും അദ്ധ്യാപകരുടേയും കൂട്ടായ പരിശ്രമത്തിലൂടെ ഭൗതിക സൗകര്യങ്ങളിലും അക്കാദമിക രംഗത്തും സബ് ജില്ലയിലെ പ്രമുഖസ്ഥാനം അലങ്കരിക്കുന്ന വിദ്യാലയമായി നമ്മുടെ സ്ഥാപനം മാറിക്കഴിഞ്ഞു. കഴിഞ്ഞ അധ്യയന വർഷം മുതൽ നടപ്പാക്കിയ 'ഉറവ' പദ്ധതി തുടർച്ചയായി രണ്ടാം വർഷവും സംസ്ഥാനതല മികവുത്സവത്തിന്റെ ഭാഗമായുള്ള ദേശീയ സെമിനാറിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുജന പങ്കാളിത്തത്തോടെ 4 ലക്ഷം രൂപ ചെലവിൽ കുട്ടികൾക്കായി പാർക്കും ഉദ്യാനവും ഒരുക്കാനുള്ള പി.ടി.എ. യുടെ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. ഹരിത വിദ്യാലയം റിയാലിറ്റിഷോയുടെ രണ്ടാം സീസണിലും വിദ്യാലയത്തിന് പങ്കെടുക്കാനായി. 2017-18 ൽ കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ നിന്ന് SCERT തെരഞ്ഞെടുത്ത മികച്ച 25 പ്രൊജക്ടുകളിൽ ഉറവ പദ്ധതി ഇടം നേടി. ഈ അധ്യയനവർഷത്തെ വണ്ടൂർ ഉപജില്ലയിലെ മികച്ച പി.ടി.എ.ക്കുള്ള അംഗീകാരവും വിദ്യാലയത്തെ തേടിയെത്തി. വിക്രം സാരാഭായ് സ്പേസ് സെന്റർ അവാർഡ്, മാതൃഭൂമി സീഡ് പുരസ്കാരം, പഠനം മധുരം വിദ്യാലയ മികവ് പുരസ്കാരം, റെയിൻബോ എക്സലൻസ് അവാർഡ്, ഹരിത വിദ്യാലയം അവാർഡ് എന്നിവ നേടി സംസ്ഥാനതലത്തിൽത്തന്നെ ശ്രദ്ധയാകർഷിക്കാൻ വിദ്യാലയത്തിനായി. ശിശുസൗഹൃദവിദ്യാലയം, സൗന്ദര്യവത്കരിച്ച ക്ലാസ് മുറികൾ, കഥപറയും ചുമരുകൾ, മികച്ച സയൻസ്‌ലാബ്, എയർ ക ഷീഷൻ ഐ.ടി. ലാബ്, ബൃഹത്തായ ലൈബ്രറി, സ്കൂൾ ബസ്, മുഴുവൻ ക്ലാസ് മുറികളിലും ലൈറ്റും ഫാനും തുടങ്ങിയവ ഇതിൽ ചിലതാണ്. കഴിഞ്ഞ പത്ത് വർഷമായി പി.ടി.എ. യുടെ മേൽനോട്ടത്തിൽ നടന്നുവരുന്ന ഇംഗ്ലീഷ് മീഡിയം പ്രീ-പ്രൈമറി സ്കൂളും അഭിനന്ദനാർഹമാണ്. കൂടുതൽ സൗകര്യങ്ങളോടെ പുതിയ അധ്യയന വർഷത്തെ വരവേൽക്കാൻ ഒരുങ്ങിയിരിക്കുകയാണ് വിദ്യാലയം.

# മോഡൽ ഗവ: യു.പി. സ്കൂൾ കാളികാവ് ബസാർ

## അടിസ്ഥാന വിവരങ്ങൾ

### വിദ്യാർത്ഥി പ്രവേശനം

| വർഷം | ക്ലാസ് | | | | | | | |
|---|---|---|---|---|---|---|---|---|
| | പ്രീ പ്രൈമറി | 1 | 2 | 3 | 4 | 5 | 6 | 7 | ആകെ |
| **2012 – 13** | 198 | 102 | 65 | 66 | 77 | 126 | 125 | 97 | **856** |
| **2014 – 14** | 220 | 93 | 110 | 71 | 70 | 132 | 123 | 125 | **944** |
| **2014 – 15** | 220 | 127 | 103 | 124 | 76 | 128 | 128 | 120 | **1026** |
| **2015 – 16** | 202 | 135 | 127 | 107 | 134 | 105 | 126 | 123 | **1049** |
| **2016 – 17** | 220 | 108 | 130 | 122 | 117 | 135 | 92 | 123 | **1047** |
| **2017 – 18** | 206 | 119 | 113 | 137 | 132 | 124 | 132 | 94 | **1057** |



## 2017 – 18 വർഷത്തെ ആകെ കുട്ടികൾ (ആൺ / പെൺ)

| | ക്ലാസ് | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | പ്രീ പ്രൈമറി | 1 | 2 | 3 | 4 | 5 | 6 | 7 | ആകെ |
| ആൺ | 94 | 62 | 51 | 77 | 65 | 68 | 68 | 53 | **538** |
| പെൺ | 112 | 57 | 62 | 60 | 67 | 56 | 64 | 41 | **519** |
| ആകെ | 206 | 119 | 113 | 137 | 132 | 124 | 132 | 94 | **1057** |

## 2017 – 18 അധ്യയന വർഷത്തെ കുട്ടികൾ (വിഭാഗം)

| വിഭാഗം | | ക്ലാസ് | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | പ്രീ പ്രൈമറി | 1 | 2 | 3 | 4 | 5 | 6 | 7 | ആകെ |
| MUS LIM | B | 87 | 53 | 43 | 67 | 56 | 53 | 55 | 43 | **374** |
| | G | 95 | 50 | 52 | 53 | 61 | 43 | 51 | 33 | **343** |
| H OBC | B | 3 | 4 | 1 | 2 | 3 | 7 | 4 | 1 | **25** |
| | G | 6 | 3 | 2 | 2 | 2 | 5 | 2 | 2 | **24** |
| F C | B | 2 | 1 | 3 | 4 | - | 1 | - | 1 | **12** |
| | G | 3 | 1 | 1 | 3 | - | - | 2 | - | **10** |
| O E C | B | - | - | 1 | - | - | - | - | 1 | **2** |
| | G | - | - | 2 | - | 1 | - | - | - | **3** |
| SC | B | 2 | 4 | 3 | 4 | 6 | 7 | 5 | 7 | **38** |
| | G | 8 | 3 | 5 | 2 | 3 | 8 | 9 | 6 | **44** |

## പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ

| | ക്ലാസ് | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | പ്രീ പ്രൈമറി | 1 | 2 | 3 | 4 | 5 | 6 | 7 | ആകെ |
| ആൺ | 1 | - | 1 | 1 | 1 | 1 | 3 | 1 | **9** |
| പെൺ | - | - | - | - | 1 | 2 | 1 | - | **4** |
| ആകെ | 1 | - | 1 | 1 | 2 | 3 | 4 | 1 | **13** |

# പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
3. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.
4. വായന ഒരു സംസ്ക്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.
5. ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.
6. സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ്, തുടങ്ങിയവ ആധുനികവത്ക്കരിക്കും.
7. ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷിതാക്കൾക്ക് നൽകും. ഇതിനായി വ്യക്തിഗത പി.ടി.എ./ കോർണർ പി.ടി.എ.കൾ എന്നിവ ചേരും.
8. പ്രീ-സ്കൂൾ മുതൽ 7-ാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക്ഷീറ്റുകൾ എസ്.ആർ.ജി.യുടെ നേതൃത്വത്തിൽ ലഭ്യമാക്കും.
9. 'വിദ്യാലയ ഒരു പാഠപുസ്തകം' എന്നാശയം മുൻനിർത്തി അറിവുനിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും.
10. ആശയ പ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ തരത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അപകർഷതാബോധം ഒഴിവാക്കി 'ആക്ടീവായ' വിദ്യാർത്ഥിസമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.
11. ജൈവവൈവിധ്യകലവറയായി വിദ്യാലയത്തെ മാറ്റുക.
12. ഹരിതപെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ് മലിനജല നിർമ്മാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.
13. ഹരിതസേന രൂപീകരിക്കൽ
14. കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ.
15. വിദ്യാലയം ഹൈടെക്കാക്കി മാറ്റുക.

# അക്കാദമികം

| നേട്ടങ്ങൾ | പരിമിതികൾ |
| --- | --- |
| • അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം.<br>• കഴിഞ്ഞ പത്ത് വർഷമായി തുടർച്ചയായി എല്ലാ വർഷവും വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധന.<br>• മികച്ച ലൈബ്രറി, ലാബ്, കമ്പ്യൂട്ടർ പഠന സൗകര്യം.<br>• 'ഓരോ കുട്ടിയും ഒന്നാമനാണ്' പദ്ധതി കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീലനം ലഭ്യമാക്കുന്നു.<br>• കലാപഠനം, പ്രവൃത്തിപരിചയപഠനം, കായികപഠനം എന്നിവയ്ക്ക് സ്പെഷ്യലിസ്റ്റ് അധ്യാപക സേവനം.<br>• വ്യക്തിത്വ വികസനം, ആത്മവിശ്വാസം വളർത്തൽ, ശുഭചിന്ത വളർത്തൽ, സഭാകമ്പം ഒഴിവാക്കൽ എന്നിവ ലക്ഷ്യംവെച്ച് നടപ്പാക്കിവരുന്ന ഉറവ പദ്ധതി.<br>• മികച്ച പ്രീ-സ്കൂൾ വിദ്യാഭ്യാസം.<br>• സർഗ്ഗാത്മക വേദികൾ, ആശയപ്രകടന വേദികൾ, ജനാധിപത്യ വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം.<br>• പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു.<br>• കാർഷിക പ്രവൃത്തികൾ. ജൈവ വൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികൾക്ക് പ്രധാനം ചെയ്യൽ. | • മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിതശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.<br>• മികച്ച ലാബ്, ലൈബ്രറി സംവിധാനങ്ങൾ ഉണ്ടെങ്കിലും സ്വതന്ത്രമായി കുട്ടികൾക്ക് ഇടപെടാനുള്ള അവസരമില്ല. സയൻസ് ലാബ് പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പാടനുണ്ട്.<br>• വായനക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നുവെങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്. വായനയിലേക്ക് കുട്ടികളെ നയിക്കാൻ സാധിച്ചിട്ടില്ല.<br>• മത്സരപരീക്ഷയിൽ പ്രത്യേകിച്ച് പൊതുവിജ്ഞാനമേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്.<br>• ഐ.ടി. അധിഷ്ഠിത പഠനം എന്ന നിലയിലേക്ക് ക്ലാസ്റൂം പ്രവർത്തനങ്ങളൊരുക്കാനായിട്ടില്ല. എല്ലാ അധ്യാപകർക്കും സാധിച്ചിട്ടില്ല.<br>• കുട്ടികളുടെ പഠന പിന്നാക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്. 20% കുട്ടികളെങ്കിലും പിന്നോക്കക്കാരാണ്.<br>• IED കുട്ടികളുടെ പഠനപിന്തുണാ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്.<br>• ജൈവ വൈവിധ്യ ഉദ്യാനം പഠനാനുഭവങ്ങൾ പ്രധാനം ചെയ്യുന്ന തരത്തിൽ വളർന്നിട്ടില്ല. അവയുടെ പരിചരണം നന്നായി നടക്കുന്നില്ല. |

# കാളികാവിന്റെ ചരിത്രം

മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിൽ കാളികാവ് ബ്ലോക്കിൽ കാളികാവ് ഗ്രാമപഞ്ചായത്തിലാണ് കാളികാവ് എന്ന ഗ്രാമം. സഹ്യന്റെ മാറിൽനിന്നും ഉറവയെടുത്ത അരിമണൽ പുഴയും ചെറുപുഴയും ചേർന്ന് കാളികാവ് പുഴ. ഈ മണ്ണിനെ ഫലപുഷ്ടിയാക്കി. നെല്ലും കവുങ്ങും തെങ്ങും വാഴയും ഈ മണ്ണിൽ യഥേഷ്ടം വിളഞ്ഞു. പ്രകൃതരമണീയമായ കാളികാവിന്റെ മണ്ണിൽ ജന്മിത്ത-നാടുവാഴിത്ത സമ്പ്രദായത്തിന്റെ ശേഷിപ്പുകൾ ഉറങ്ങിക്കിടക്കുന്നു. സമരപോരാട്ടങ്ങളും കാർഷികവിപ്ലവത്തിന്റെ വിത്ത് വിതച്ച തിരുവിതാംകൂർ കുടിയേറ്റവുമെല്ലാം പോയകാലത്തിന്റെ അടയാളങ്ങളാണ്. സ്ഥലപേരിന്റെ പൊരുൾ തേടി പോവുമ്പോൾ കാളികാവിന്റെ ചരിത്രരേഖ ചെന്നെത്തുന്നത് നൂറ്റാണ്ടിന്റെ പിന്നിലേക്കാണ്. കരുവാരകുണ്ട് കണ്ണത്ത് പ്രദേശത്തെ പുരാതന കാളിക്ഷേത്രത്തിന്റെ കാവായിരുന്നു ഇന്നത്തെ കാളികാവ്. കണ്ണത്ത് കാളികാവ് എന്നായിരുന്നു ഈ പ്രദേശം അറിയപ്പെട്ടുപോന്നിരുന്നത്. ഇന്ന് വിദ്യാലയം സ്ഥിതിചെയ്യുന്ന പ്രദേശമായിരുന്നുവത്രേ പഴയ കാവ്. കണ്ണത്ത് കാളികാവ് ലോപിച്ചാണ് പിന്നീട് കാളികാവായി മാറിയത്. 1906-ൽ പുല്ലങ്കോട് എസ്റ്റേറ്റ് ആരംഭിച്ചതോടെയാണ് കാളികാവിന്റെ ചരിത്രം മാറുന്നത്. പടിഞ്ഞാറേ കോവിലകക്കാരുടേയും കൂക്കിൽ തറവാട്ടുകാരുടേയും കയ്യിൽനിന്ന് തൊണ്ണൂറ്റി ഒൻപത് വർഷത്തെ പാട്ടത്തിനാണ് രണ്ടായിരത്തി ഇരുന്നൂറോളം ഭൂമിയിൽ എസ്റ്റേറ്റ് സ്ഥാപിക്കുന്നത്. റബ്ബർ വളർന്നതോടെ ജോലി തേടി ജില്ലയുടെ വിവിധ ഭാഗങ്ങളിൽനിന്നും നിരവധിപേർ ഇങ്ങോട്ട് കുടിയേറി. പുല്ലും കാടും പിടിച്ചുകിടന്ന കാളികാവിന്റെ മണ്ണ് ജനവാസയോഗ്യമായി മാറുകയായിരുന്നു. വിദ്യാഭ്യാസപരമായും സാംസ്കാരികപരമായും കാളികാവ് ഉണർന്നുതുടങ്ങുന്നത് ഈ കാലഘട്ടത്തിലാണ്. 1915-ലാണ് കാളികാവ് ബസാർ സ്കൂൾ ആരംഭിച്ചത്. 1896-ൽ കാളികാവ് പോലീസ് സ്റ്റേഷൻ പ്രവർത്തനം തുടങ്ങി. 1921ൽ കാളികാവ് ആശുപത്രി പ്രവർത്തനം ആരംഭിച്ചു. 1962-ലാണ് കാളികാവ് പഞ്ചായത്ത് രൂപവത്കരിച്ചത്. കെ. കുഞ്ഞാലി ആയിരുന്നു ആദ്യ പ്രസിഡന്റ്. 1942-ലാണ് ആദ്യമായി ബസ് റൂട്ട് ആരംഭിക്കുന്നത്. നിലമ്പൂർ നിയമസഭാ മണ്ഡലത്തിന്റെ ഭാഗമായിരുന്ന കാളികാവ് പിന്നീട് വണ്ടൂർ നിയമസഭാ മണ്ഡലത്തിന്റെ ഭാഗമായി.

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.
3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
4. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
7. മികച്ച വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളേയും പ്രാപ്തരാക്കുക.
2. ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക.
3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
4. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
6. നാടകീകരണം
7. കവിതാലാപനം
8. സംവാദ സദസ്സുകൾ/സംഭാഷണം

## ഹിന്ദി

1. ഹിന്ദിയിൽ ആശയവിനിമയത്തിനുള്ള ശേഷി വർദ്ധിപ്പിക്കുക.
2. ഹിന്ദിയിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക.
3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
4. സംവാദത്തിന് തയ്യാറാക്കുക.
5. തിയേറ്ററുകൾ

6. കവിതാസ്വാദനം

## ശാസ്ത്രം

1. ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
3. ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
4. ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.
5. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
6. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

## സാമൂഹ്യശാസ്ത്രം

1. ജനാധിപത്യ വേദികൾ ഒരുക്കുക.
2. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
3. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
4. ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ

## ഗണിതം

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
3. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
4. ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
5. ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ഐ സി ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.
3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള

അവസരം, മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ ടൈപ്പിംഗ് പ്രാവീണ്യം ഉറപ്പാക്കൽ.

## പ്രവൃത്തി പരിചയം

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
2. പാഴ്വസ്തുക്കളിൽനിന്ന് പഠനോപകരണങ്ങളോ, പ്രയോജനപകരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3. ഇതര വിഷയങ്ങളുമായി/പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

## കലാപരിശീലനം

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
2. കലാഭിരുചി വളർത്തുക.
3. ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.
4. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.
5. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലനപരിപാടികൾ ഒരുക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

1. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
3. ആരോഗ്യ ശീലങ്ങൾ വളർത്തുക.
4. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
5 ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

## അറബിക്

1. ലോകോത്തര ഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷ പഠിക്കാനും ഒഴുക്കോടെ സംസാരിക്കാനും ഉള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക.
2. കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക.
3. വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കു ന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിലൊരുക്കുക.
4. വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യമനോഭാവങ്ങൾ ഭാഷാ പഠന നേട്ടത്തിലൂടെ ഉറപ്പു വരുത്തുക.
5 ഭാഷാ പഠനത്തിൽ ഐ.ടിയുടെ സാധ്യതകൾ പ്രയോജന പ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.

# മലയാളം/പഠനപിന്നാക്കാവസ്ഥ

**പ്രവർത്തനം** : 1
**പേര്** : **പുസ്തകപരിചയം**
**ഉപമേഖല** **വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുന്നതിനായി പ്രദർശിപ്പിക്കുന്നു. ലഘുവിവരണവും പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം (രണ്ട് പുസ്തകം | ലൈബ്രറി കമ്മറ്റി | 2,000 |

**പ്രവർത്തനം** : 2
**പേര്** : **ക്ലാസ് ലൈബ്രറി**
**ഉപമേഖല** : **വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. 'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സി.ടി. | 21,000 |

**പ്രവർത്തനം** : 3
**പേര്** : **വായനാസ്റ്റേഷൻ**
**ഉപമേഖല** : **വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അർഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു. | ലൗഡ്റീഡിംങ്ങിനായുള്ള പ്രത്യേക സ്ഥലം എല്ലാ ക്ലാസുകളിലും ഒരുക്കുന്നു. (ടി.വി. മാതൃക) | ജൂൺ മുതൽ മാർച്ച് വരെ | സി.ടി. | 8,000 |

**പ്രവർത്തനം :** 4

**പേര് :** **അക്ഷരക്കൂട്ടം (വായനാകോർണർ)**

**ഉപമേഖല :** **വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ കെട്ടിടത്തോടും ചേർന്ന് വായനാ കോർണർ ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ലൈബ്രറി കമ്മറ്റി | 3,000 |

**പ്രവർത്തനം :** 5

**പേര് :** **സ്കൂൾ ലൈബ്രറി**

**ഉപമേഖല :** **വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | സ്കൂൾ ലൈബ്രറി മന്ദിരം പൂർത്തീകരിച്ച് സ്കൂൾ ലൈബ്രറി സജ്ജമാക്കൽ.<br>സ്കൂൾ ലൈബ്രേറിയനെ നിയമിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ. | 5,00,000<br><br>30,000 |

**പ്രവർത്തനം :** 6

**പേര് :** **ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ**

**ഉപമേഖല :** **ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | ഓരോ മാസത്തിലെ പഠന പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ ഒരുക്കൽ | എല്ലാ മാസവും | സി.ടി. | 1,000 |

**പ്രവർത്തനം :** 7

**പേര് :** ക്ലാസ്തലപത്രം

**ഉപമേഖല :** ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | വിദ്യാലയവിശേഷങ്ങൾ ക്ലാസിലെ വിവരങ്ങൾ പങ്കുവെക്കുന്ന ക്ലാസ്തല പത്രം ഒരുക്കൽ | എല്ലാ മാസവും | സി.ടി. | 1,000 |

**പ്രവർത്തനം :** 8

**പേര് :** പുസ്തകചങ്ങാതി

**ഉപമേഖല :** ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളേയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാകാർഡ്) വായനാകുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സി.ടി. | 10,000 |

**പ്രവർത്തനം :** 9

**പേര് :** 'രചന' കുട്ടികളുടെ പതിവ് (പ്രിന്റ് മാഗസിൻ)

**ഉപമേഖല :** ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സർഗ്ഗാത്മക രചനകൾക്കുള്ള അവസരമൊരുക്കൽ | കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ (ചുമർചിത്രം, കയ്യെഴുത്ത് മാഗസിൻ ഇവയിൽ നിന്ന്) | ഓരോ ടേമിലും | വിദ്യാരംഗം ഭാഷാക്ലബ്ബ് | 9,000 |

**പ്രവർത്തനം :** 10
**പേര് :** **രചനാക്കൂട്ടം**
**ഉപമേഖല :** **ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | അദ്ധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതൽ | ജൂൺ മുതൽ മാർച്ച് വരെ | സി.ടി. ഭാഷാ ക്ലബ്ബ് | 4,000 |

**പ്രവർത്തനം :** 11
**പേര് :** **സർഗ്ഗവേള**
**ഉപമേഖല :** **പ്രകടന വേദികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളേയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാകാർഡ്) വായനാകുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സി.ടി. | 10,000 |

**പ്രവർത്തനം :** 12
**പേര് :** **മലയാളത്തിളക്കം**
**ഉപമേഖല :** **ആശയഗ്രഹണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയവിനിമയ ശേഷി കൈവരിക്കൽ | പഠന പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | ജൂൺ, ജൂലൈ | സബിത ശ്രീജ സ്മിത നിജിദ | 3,000 |

**പ്രവർത്തനം : 13**
**പേര് : അക്ഷരക്ലിനിക്ക്**
**ഉപമേഖല : എഡിറ്റിങ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അർത്ഥപൂർണ്ണമായ എഴുത്ത്, ഭാഷാശേഷി മെച്ചപ്പെടുത്തൽ | അക്ഷരത്തെറ്റുകൾ തിരുത്തുവാൻ ക്ലാസിൽ ക്രമീകരിക്കുന്ന ക്ലിനിക്ക് | ജൂൺ മുതൽ മാർച്ച് വരെ | സി.ടി. കുട്ടിടീച്ചർ മാർ | 3,000 |

**പ്രവർത്തനം : 14**
**പേര് : സ്കൂൾ റേഡിയോ സ്റ്റേഷൻ**
**ഉപമേഖല : പ്രകടനവേദികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | കുട്ടികളുടെ കലാപ്രകടനങ്ങൾ, ക്ലാസ്റൂം പ്രവർത്തനം, വാർത്തകൾ, പൊതുവിജ്ഞാനം എന്നിവ റേഡിയോ സ്റ്റേഷൻ വഴി അവതരിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സി.ടി. | 3,000 |

**പ്രവർത്തനം : 15**
**പേര് : സ്കൂൾ വിഷൻ (കെബിഎസ് ന്യൂസ്)**
**ഉപമേഖല : പ്രകടനവേദികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയപ്രകടനം മെച്ചപ്പെടൽ, ഭാഷാശേഷി വികാസം | കുട്ടികളുടെ നേതൃത്വത്തിൽ 'സ്കൂൾ ചാനൽ' ആരംഭിക്കൽ (ന്യൂസ് റീഡർ, റിപ്പോർട്ടിംഗ് തുടങ്ങിയവ) | ജൂൺ, ജൂലൈ | രജീഷ് ഐ.ടി. ക്ലബ്ബ് | 10,000 |

**പ്രവർത്തനം : 16**
**പേര് : കാൽപ്പാടുകൾ (ബ്ലോഗെഴുത്ത്, ഫേസ്ബുക്ക് പേജ്)**
**ഉപമേഖല : സർഗാത്മക രചന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗാത്മക രചനക്കുള്ള അവസരം | കുട്ടികളുടെ രചനകൾക്കായി ബ്ലോഗ്/ഫേസ്ബുക്ക് പേജ് ആരംഭിക്കൽ. മികച്ച രചനകൾ ക്ലാസ് തലത്തിൽ ശേഖരിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | - | - |

**പ്രവർത്തനം : 17**
**പേര് : ലിപി (മലയാളം ടൈപ്പിംങ്ങ്)**
**ഉപമേഖല : ഐ. ടി.**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാശേഷി വികാസത്തിനായി ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തൽ | മലയാളം ടൈപ്പിംങ്ങിൽ പരിശീലനം നൽകൽ (കുട്ടികളുടെ രചനകൾ ടൈപ്പ് ചെയ്യാൻ നൽകുന്നു) | ജൂൺ മുതൽ മാർച്ച് വരെ | മലയാളം ക്ലബ്ബ് ഐ.ടി. ക്ലബ്ബ് | 2,000 |

**പ്രവർത്തനം : 18**
**പേര് : എഴുത്തുക്കൂട്ടം (ക്യാമ്പ്/ശിൽപശാല)**
**ഉപമേഖല : സർഗാത്മക വേദികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | ഭാഷാവ്യവഹാര രൂപങ്ങൾ, സർഗ്ഗാത്മക രചനകൾ എന്നിവ നടത്തുന്നതിനായി ക്യാമ്പുകൾ/ ശിൽപശാലകൾ നടത്തുന്നു. | ആഗസ്ത് നവംബർ ഫെബ്രുവരി | ഭാഷ വിദ്യാരംഗം | 3,000 |

**പ്രവർത്തനം : 19**
**പേര് : പടവുകൾ**
**ഉപമേഖല : സർഗാത്മക വേദികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയിൽ മുന്നേറാനുള്ള അവസരം ഒരുക്കൽ | ഭാഷയിലെ മികച്ച വിദ്യാർത്ഥികൾക്കായി പ്രത്യേക പരിശീലന പരിപാടികൾ | ജനുവരി ഫെബ്രുവരി മാർച്ച് | ഭാഷ വിദ്യാരംഗം | 3,000 |

**പ്രവർത്തനം : 20**
**പേര് : ചിത്രജാലകം (സ്കൂൾ തിയേറ്റർ)**
**ഉപമേഖല : സിനിമ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാശേഷി വികാസത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തൽ | ഭാഷാ വ്യവഹാരങ്ങളുടെ മികച്ച മാതൃകകൾ, അനുബന്ധപാഠഭാഗങ്ങൾ, കലാരൂപങ്ങൾ ഇവ പ്രദർശിപ്പിക്കുന്നതിന് | ജൂൺ മുതൽ മാർച്ച് വരെ | സി.ടി. | 5,000 |

# ഇംഗ്ലീഷ്

**പ്രവർത്തനം :** 1
**പേര് :** ഇംഗ്ലീഷ് അസംബ്ലി
**ഉപമേഖല :** പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരുദിനം കുട്ടികൾതന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | സി.ടി. ഇംഗ്ലീഷ് ക്ലബ്ബ് | - |

**പ്രവർത്തനം :** 2
**പേര് :** ഇംഗ്ലീഷ് ഡയറി
**ഉപമേഖല :** ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് ഇംഗ്ലീഷിലുള്ള | ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലേയും അനുഭവങ്ങൾ ഇംഗ്ലീഷിൽ ഏഴുതുക. | എല്ലാ ദിവസവും | സി.ടി. ഇ.ടി. | - |

**പ്രവർത്തനം :** 3
**പേര് :** ഇംഗ്ലീഷ് ബുള്ളറ്റിൻ
**ഉപമേഖല :** ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക. | ഓരോ മാസവും ഏതെങ്കിലും വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ ബുള്ളറ്റിൻ ഒരുക്കു.<br>ജൂൺ - പരിസ്ഥിതി<br>ജൂലൈ - ചന്ദ്രൻ<br>ആഗസ്ത് - സ്വാതന്ത്ര്യദിനം<br>സെപ്തംബർ - ഓണം<br>ഒക്ടോബർ - ഗാന്ധി<br>നവംബർ - കേരളം<br>ഡിസംബർ - ക്രിസ്തുമസ്<br>ജനുവരി - ന്യൂഇയർ | ഓരോ മാസവും | സി.ടി. ഇ.ടി. | 2,000 |

**പ്രവർത്തനം : 4**
**പേര് : ഇംഗ്ലീഷിൽ കത്തെഴുതൽ**
**ഉപമേഖല : ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ ആശയ വിനിമയം മെച്ചപ്പെ ടുത്തുന്നതിന് | ഓരോ മാസത്തേയും വിശേഷങ്ങൾ പങ്കുവെച്ച് സഹപാഠികൾക്ക്, സുഹൃ ത്തുക്കൾക്ക് കത്തെഴുതുന്നു. | മാസത്തിൽ ഒന്ന് | ഇ.ടി.<br>സി.ടി.<br>ഇ.സി. | - |

**പ്രവർത്തനം : 5**
**പേര് : Steps**
**ഉപമേഖല :**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയിൽ പ്രാവീണ്യം നേടുന്ന തിന്. മികച്ച ഭാഷാ ശേഷി കൈവരിക്കു ന്നതിന് | ഇംഗ്ലീഷ് ഗ്രാമർ, സ്പോക്കൺ ഇംഗ്ലീഷ് എന്നിവയിൽ പ്രാവീണ്യം നേടുന്നതിന് പ്രത്യേക ക്ലാസുകൾ നൽകൽ | മാസത്തിൽ ഒന്ന് | എസ്.<br>ആർ.ജി.<br>ഇ.സി. | 5,000 |

**പ്രവർത്തനം : 6**
**പേര് : Learning Language**
**ഉപമേഖല :**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മുഴുവൻ കുട്ടി കൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടൽ | ഇംഗ്ലീഷ് ഭാഷാപഠനത്തിൽ പിന്നാക്കം നിൽക്കുന്നവർക്കായി പ്രത്യേക ക്ലാസ്സുകൾ | എല്ലാ മാസവും | ഇ.സി.<br>എസ്.<br>ആർ.ജി<br>സി.ടി. | 5,000 |

**പ്രവർത്തനം : 7**
**പേര് : ഫിലിം പ്രദർശനം**
**ഉപമേഖല : സിനിമ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാങ്കേതിക വിദ്യാ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക | വിദ്യാലയ തിയേറ്ററിലൂടെ ഇംഗ്ലീഷ് ഭാഷാപഠനത്തിന് സഹായിക്കുന്ന ഷോർട്ട്ഫിലിമുകൾ, കാർട്ടൂണുകൾ തുടങ്ങിയവയുടെ പ്രദർശനം | എല്ലാ ആഴ്ച യിലും | ഇ.സി. | 2,000 |

**പ്രവർത്തനം : 8**
**പേര് : ഇംഗ്ലീഷ് കോർണർ**
**ഉപമേഖല : വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ സ്വാതന്ത്ര്യവായന നടത്തുന്നതിനായി കുട്ടികളെ സജ്ജരാക്കുക | എല്ലാ ക്ലാസിലും ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവ ഒരുക്കൽ | എല്ലാ ദിവസവും | സി.ടി. | 5,000 |

**പ്രവർത്തനം : 6**
**പേര് : May I help u (Notice Board)**
**ഉപമേഖല : വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ സ്വതന്ത്ര വായന നടത്തുന്നതിന് കുട്ടികളെ സജ്ജരാക്കുക. | വിദ്യാലയവിവരങ്ങൾ ഇംഗ്ലീഷിൽ അറിയിക്കുന്നതിനായി പൊതുവായി നോട്ടീസ് ബോർഡ് തയ്യാറാക്കുന്നു. | എല്ലാ ആഴ്ച യിലും | ഇ.സി. | 3,000 |

**പ്രവർത്തനം : 13**
**പേര് : പദപ്രശ്നം**
**ഉപമേഖല : വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്വതന്ത്ര വായന എഴുത്ത് ഇവക്ക് കുട്ടികളെ സജ്ജരാക്കുക. | E.C. യുടെ നേതൃത്വത്തിൽ ഇംഗ്ലീഷ് പദപ്രശ്നം, മത്സരം സംഘടിപ്പിക്കുന്നു. | എല്ലാ ആഴ്ച യിലും | ഇ.സി. ഇ.ടി. | 500 |

**പ്രവർത്തനം : 14**
**പേര് : പ്ലേ, & ലേൺ**
**ഉപമേഖല : പ്രകടനവേദികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക. | ക്ലാസിൽ തീം അടിസ്ഥാനത്തിൽ സംഭാഷണവും സ്കിറ്റും അവതരിപ്പിക്കാനുള്ള അവസരമൊരുക്കൽ (ashop, Inabank) | ജൂൺ മുതൽ മാർച്ച് വരെ | ഇ.ടി. | - |

**പ്രവർത്തനം : 15**
**പേര് : English Fest**
**ഉപമേഖല : പ്രകടനവേദികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയപ്രകടനം നടത്തുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക. | വിദ്യാലയത്തിലെ മുഴുവൻ കുട്ടികളേയും പങ്കെടുപ്പിച്ച് English Fest സംഘടിപ്പിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | സി.ടി. ഇ.ടി. ഇ.സി. | 5,000 |

**പ്രവർത്തനം :** 16

**പേര് :** **Reading Card Work Shop**

**ഉപമേഖല :** **വായാനാ സാമഗ്രി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
